## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5714** **09/07/2012 -ൽ മറുപടിക്ക്**

## എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഗ്രേസ് മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഏതെല്ലാം വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സ്കൂൾ കലോത്സവം, അറബിക് കലോത്സവം, സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി. മേള, സയൻസ് സെമിനാർ, സയൻസ് സി.വി. രാമൻ ഉപന്യാസ മത്സരം, ശാസ്ത്ര ഇൻവെസ്റ്റിഗേറ്ററി പ്രോജക്റ്റ്, സംസ്ഥാനതല ഗണിത ശാസ്ത്ര ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ, സാമൂഹ്യശാസ്ത്ര പത്ര വായനാമത്സരം, സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷൻ, രാഷ്ട്രപതി സ്കൗട്ട്സ് & ഗൈഡ്സ്, രാജ്യപുരസ്കാർ, എൻ.സി.സി, ജൂനിയർ റെഡ് ക്രോസ്, ദേശീയ ബാല ശാസ്ത്ര കോൺഗ്രസ്, സതേൺ ഇന്ത്യ സയൻസ് ഫെയർ, നാഷണൽ സയൻസ് ഫെയർ, സതേൺ ഇന്ത്യ സയൻസ് ഡ്രാമ, നാഷണൽ സയൻസ് ഡ്രാമ, സംസ്ഥാന ദേശീയ അന്തർദേശീയ കായിക മേള എന്നീ ഇനങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് നല്കിവരുന്നു.<br><br>യൂത്ത് ഫെസ്റ്റിവെൽ, സ്പോർട്സ്, ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ, ഐ.ടി. മേള, ശാസ്ത്ര കോൺഗ്രസ്, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി., കേരള ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സംസ്ഥാനതല ക്വിസ് മത്സരം എന്നീ ഇനങ്ങളിലാണ് പ്ലസ് ടു പരീക്ഷയിൽ ഗ്രേസ് മാർക്ക് നല്കിവരുന്നത്. |

(........2)

(ബി) കലാകായിക രംഗങ്ങളിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് പുറമേ ധീരതയ്ക്കുള്ള ദേശീയ അവാർഡുപോലുള്ള ഉന്നത പുരസ്ക്കാരം നേടുന്ന കുട്ടികൾക്കും ഗ്രേസ് മാർക്ക് നൽകാൻ തയ്യാറാകുമോ?

(ബി) പാഠ്യേതര വിഷയങ്ങളായ കലാകായിക മത്സരങ്ങളിൽ ഏർപ്പെടുന്നതുമൂലം പഠന സമയം നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ മാർക്ക് കുറഞ്ഞുപോകാതിരിക്കാനാണ് മികവിന്റെ മാനദണ്ഡത്തിൽ ഗ്രേസ് മാർക്കു കൂടി എഴുത്തുപരീക്ഷയുടെ മാർക്കിനോടൊപ്പം ചേർക്കുന്നത്. ധീരതയ്ക്കുള്ള ദേശീയ അവാർഡുപോലുള്ള ഉന്നത പുരസ്ക്കാരം നേടുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ